(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളെക്കുറിച്ച് എത്ര പരാതികൾ വീതമാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പരാതികളിന്മേൽ നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ഡി) ഇനിയും എന്തെല്ലാം നടപടികൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും, അവ എന്നത്തേക്ക് നടത്താനാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

സംസ്ഥാനത്തിനു പുറത്തുള്ള ജയിലുകളിൽ കഴിയുന്ന സംസ്ഥാനത്തെ രാഷ്ട്രീയനേതാക്കൾ

18 [2448] *ശ്രീ. സി. പി. മുഹമ്മദ്:*
„ *ബി. വിജയകുമാർ:*
„ *ലൂഡി ലൂയിസ്:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എത്ര രാഷ്ട്രീയ നേതാക്കൾ സംസ്ഥാനത്തിനു പുറത്തുള്ള ജയിലുകളിൽ കോടതിവിസ്താരം പ്രതീക്ഷിച്ച് കഴിയുന്നുണ്ട്; അവർ ആരെല്ലാം;

(ബി) അവരെ അറസ്റ്റ് ചെയ്ത് മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് കൈമാറിയത് എന്നായിരുന്നു;

(സി) അന്ന് സംസ്ഥാന മുഖ്യമന്ത്രി ആരായിരുന്നു എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഒരാൾ. ശ്രീ. അബ്ദുൾ നാസർ മദനി.

(ബി) പി. ഡി. പി. നേതാവ് ശ്രീ. അബ്ദുൾ നാസർ മദനിയെ കോഴിക്കോട് കസബ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 62/98 കേസിലേക്കുവേണ്ടി 31-3-1998-ന് അറസ്റ്റുചെയ്ത് കോഴിക്കോട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി. കോടതി പ്രതിയെ റിമാന്റു ചെയ്ത് കണ്ണൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിരുന്നു. തുടർന്ന് കണ്ണൂർ സെൻട്രൽ ജയിലിൽനിന്നും ടി പ്രതിയെ കോയമ്പത്തൂർ സ്ഫോടനക്കേസിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന ആരോപണത്താൽ കോയമ്പത്തൂർ കോടതി ടിയാനെ കോയമ്പത്തൂർ ജയിലിൽ റിമാന്റു ചെയ്തിട്ടുണ്ട്.

(സി) ശ്രീ. ഇ. കെ. നായനാർ.

LIBRARY ARCHIVES Kerala Legislative Assembly